
CLASS :7

SOCIAL SCIENCE

# പ്രവർത്തനക്കാർഡ് -2

## യൂണിറ്റ് 1 : മധ്യകാല ഇന്ത്യ

അക്ബറിനെയാണ് ഏറ്റവും മഹാനായ മുഗൾ ചക്രവർത്തിയായി കണക്കാക്കപ്പെടുന്നത്. ഇന്ത്യയിൽ സെക്കുലർ സ്റ്റേറ്റ് സ്ഥാപിച്ച ആദ്യ ഭരണാധികാരിയാണ് അക്ബർ. മറ്റു മതങ്ങളോട് സഹിഷ്ണുതാപരമായ സമീപനമാണ് അക്ബർ കൈക്കൊണ്ടത്. മുഗൾ ഭരണകാലത്ത് വിവിധ ജനവിഭാഗങ്ങൾക്കിടയിൽ മതസഹിഷ്ണുത നിലനിർത്താൻ സഹായിച്ച അക്ബറിന്റെ നയങ്ങൾ പട്ടികപ്പെടുത്തു............



CLASS :7

SOCIAL SCIENCE

# പ്രവർത്തനക്കാർഡ് -1

യൂണിറ്റ് 1 : മധ്യകാല ഇന്ത്യ

## വായനാകാർഡ്

### ഒന്നാം പാനിപ്പത്ത് യുദ്ധം

1526 ൽ ഡൽഹിക്ക് അടുത്തുള്ള പാനിപ്പത്തിൽ വച്ച് സൽത്തനത്ത് കാലഘട്ടത്തിലെ അവസാന ഭരണാധികാരിയായിരുന്ന ഇബ്രാഹിം ലോദിയെ പരാജയപ്പെടുത്തി അഫ്ഗാനിസ്ഥാനിലെ കാബൂൾ ഭരണാധികാരിയായിരുന്ന ബാബർ ഡൽഹി പിടിച്ചെടുത്തു.ബാബർ സ്ഥാപിച്ച മുഗൾ സാമ്രാജ്യത്തിലെ പ്രധാന ഭരണാധികാരികളിൽ അവസാനത്തെ ഭരണാധികാരിയായിരുന്ന ഔറംഗസേബ്.

### ടൈംലൈൻ തയ്യാറാക്കാം

പ്രധാനപ്പെട്ട മുഗൾ ഭരണാധികാരികളുടെയും അവരുടെ ഭരണകാലഘട്ടത്തെയും സൂചിപ്പിക്കുന്ന ടൈംലൈൻ പൂർത്തിയാക്കുക..

| | |
|---|---|
| ബാബർ | 1526 - 1530 |
| ............... | .................... |
| അക്ബർ | .................... |
| ............... | .................... |
| ............... | 1628 – 1658 |
| ............... | ...................... |

CLASS :7

SOCIAL SCIENCE

# പ്രവർത്തനക്കാർഡ് -3

## യൂണിറ്റ് 1 : മധ്യകാല ഇന്ത്യ

MENTORS KERALA

### വായനാകാർഡ്

ബാബർ തുടക്കം കുറിച്ച മുഗൾ ഭരണം പിൽക്കാലത്ത് കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിച്ചു.മുഗൾ സാമ്രാജ്യം വിസ്തൃതമാക്കുന്നതിൽ അക്ബർ പ്രധാന പങ്കുവഹിച്ചു.അദ്ദേഹം വലിയൊരു സൈന്യത്തെ രൂപീകരിച്ചു. ഇതിനുവേണ്ടി വ്യത്യസ്തമായ ഒരു രീതി സ്വീകരിച്ചു. 'മാൻസബ്ദാരി' സമ്പ്രദായം എന്നാണ് ഇത് അറിയപ്പെടുന്നത്. ഈ സമ്പ്രദായത്തിൽ ഓരോ ഉദ്യോഗസ്ഥനും തങ്ങളുടെ കീഴിൽ ഒരു നിശ്ചിത എണ്ണം സൈനികരെ നിലനിർത്താൻ ബാധ്യസ്ഥനായിരുന്നു. ബീർബൽ,രാജാ മാൻസിംഗ്,രാജാ തോഡർമാൾ, രാജാ ജയ്സിംഗ് തുടങ്ങിയവർ മുഗൾ ഭരണത്തിൽ പ്രധാന പദവികൾ വഹിച്ച രജപുത്രരായിരുന്നു.

### ഉത്തരം കണ്ടെത്തൂ.....

**എ** ) 'മാൻസബ്ദാരി ' നടപ്പിലാക്കിയ മുഗൾ ഭരണാധികാരി?

**ബി** )എന്താണ് 'മാൻസബ്ദാരി ' സമ്പ്രദായം?

**സി** ) മുഗൾ ഭരണത്തിൽ പ്രധാന പദവികൾ വഹിച്ച രജപുത്രർ ആരൊക്കെ?

CLASS :7

SOCIAL SCIENCE

# പ്രവർത്തനക്കാർഡ് -4

## യൂണിറ്റ് 1 : മധ്യകാല ഇന്ത്യ

**എ )** മുഗൾ ഭരണത്തിൽ അക്ബറിന്റെ കാലത്ത് ഭരണസൗകര്യത്തിനായി സ്വീകരിച്ചിരിക്കുന്ന ക്രമീകരണത്തിന്റെ പട്ടിക പൂർത്തിയാക്കുക....

ഗ്രാമം

↓

...........................

↓

പർഗാന

↓

...................................

**ബി ) ചേരുംപടി ചേർക്കുക...**

| | |
|---|---|
| ജസിയ | ................................... |
| ഇബാദത്ത് ഖാന | ഫത്തേപ്പൂർ സിക്രി |
| ................. | അക്ബർ നാമ |
| രസ്നാമ | ................................... |
| ................... | ഇൻഡോ -ഇസ്ലാമിക് വാസ്തുവിദ്യാ ശൈലി |

CLASS :7

SOCIAL SCIENCE


# പ്രവർത്തനക്കാർഡ് -5

## യൂണിറ്റ് 1 : മധ്യകാല ഇന്ത്യ

## ഓർമ്മപ്പെടുത്തൽ

**കണ്ണവം ജി.ടി.യു.പി. സ്കൂളിലെ സാമൂഹ്യശാസ്ത്ര ക്ലബ്ബിലെ കുട്ടികൾ പഠനയാത്ര പോയപ്പോൾ കണ്ട ചരിത്ര സ്മാരകങ്ങളാണ് താഴെ നൽകിയിരിക്കുന്നത്. പട്ടിക പൂർത്തിയാക്കൂ....**








a]……………………… b]……………………… c]………………………







d]………………………. e]…………………….. f]……………………..

CLASS :7

SOCIAL SCIENCE

MENTORS KERALA

# പ്രവർത്തനക്കാർഡ് -6

## യൂണിറ്റ് 1 : മധ്യകാല ഇന്ത്യ

### ചോദ്യങ്ങൾ നിർമ്മിക്കാം

തെക്കേ ഇന്ത്യയിലെ ഡെക്കാൺ പ്രദേശത്ത് പതിനാലു മുതൽ പതിനാറ് ശതകങ്ങളിൽ നിലനിന്നിരുന്ന സാമ്രാജ്യമായിരുന്ന വിജയനഗര സാമ്രാജ്യം.വിജയനഗരം എന്നത് തലസ്ഥാനത്തിന്റെയും സാമ്രാജ്യത്തിന്റെയും ഭാഗമായിരുന്നു. ഇന്നത്തെ കർണാടകത്തിലെ ഹംപിയിലാണ് വിജയനഗരത്തിന്റെ അവശിഷ്ടങ്ങൾ കാണാൻ സാധിക്കുന്നത്. യുനെസ്കോയുടെ ലോക പൈതൃകങ്ങളിൽ ഒന്നാണിത്. വിജയനഗരത്തെക്കുറിച്ച് പ്രതിപാദിക്കുന്ന വിദേശ സഞ്ചാരികളാണ് ഡൊമിംഗോ പയസ്, ഫെർണോ ന്യൂനസ്, അബ്ദുർ റസാഖ്, ഇബ്ൻ ബത്തൂത്ത എന്നിവർ.1336 ൽ ഹരിഹരൻ ഒന്നാമൻ ബുക്കൻ ഒന്നാമൻ എന്നിവരാണ് വിജയ നഗരം സ്ഥാപിച്ചത്.സംഗമ,സാലുവ,തുളുവ, അരവിഡു എന്നിവയാണ് വിജയനഗരത്തിലെ രാജവംശങ്ങൾ.

**എ** ) ഈ കുറിപ്പിൽ നിന്നും സോഷ്യൽ സയൻസ് ക്ലബ്ബിൽ നടത്താൻ പോകുന്ന ക്വിസ് മത്സരത്തിൽ ഉൾപ്പെടുത്താവുന്ന അഞ്ച് ചോദ്യങ്ങൾ തയ്യാറാക്കൂ...

1. വിജയനഗരം സാമ്രാജ്യം സ്ഥാപിച്ചതാര്?
2.
3.
4.
5.

**ബി** ) മുഗൾ- വിജയനഗര ഭരണസമ്പ്രദായങ്ങളുടെ പൊതുസവിശേഷതകൾ താരതമ്യം ചെയ്ത് പട്ടിക പൂർത്തിയാക്കൂ.......

| **മുഗൾ ഭരണം** | **വിജയനഗര ഭരണം** |
|---|---|
| രാജവാഴ്ച | രാജവാഴ്ച |
| | |
| | |
| | |
| | |